(ഡി) ഈ സമ്പ്രദായം എപ്പോൾ മുതൽ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) 2004-05-ലെ സംസ്ഥാന ബഡ്ജറ്റ് അവതരണത്തോടൊപ്പം 2005-06, 2006-07 എന്നീ സാമ്പത്തിക വർഷങ്ങളിലേക്കുള്ള എസ്റ്റിമേറ്റുകളുടെ രൂപരേഖ ഉൾക്കൊള്ളുന്ന ഫോർവേഡ് എസ്റ്റിമേറ്റുകൂടി അവതരിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(ബി) 2004-05-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രസ്തുത വർഷത്തെ വരവു ചെലവിനങ്ങൾ മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളൂ. മദ്ധ്യകാല സാമ്പത്തിക ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ അടുത്ത രണ്ടു വർഷത്തെ എസ്റ്റിമേറ്റുകളുടെ രൂപരേഖ ഫോർവേഡ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിക്കുന്നതാണ്.

(സി) ബഡ്ജറ്റ് അവതരിപ്പിക്കുന്ന സാമ്പത്തികവർഷത്തിന്റെ തൊട്ടടുത്ത രണ്ടു വർഷങ്ങളിലെ ബഡ്ജറ്റിന്റെ ഒരു ഏകദേശരൂപം ലഭിക്കുന്നതാണ്. അതനുസരിച്ച് അടുത്ത വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ചെലവിനങ്ങളുടെ മുൻഗണനാക്രമംകൂടി കണക്കിലെടുത്ത് കൂടുതൽ യഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാനും ചെലവിനങ്ങൾ നിയന്ത്രിക്കാനും സാധ്യമാകും.

(ഡി) 2004-05 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനോടൊപ്പം ഈ സമ്പ്രദായം നടപ്പിൽ വരുന്നതാണ്.

നീര ഉല്പാദനവും ലൈസൻസ് വ്യവസ്ഥകളും

*10 [70] ശ്രീ. എൻ. രാജൻ :
,, പി. നാരായണൻ :
,, മാങ്കോട് രാധാകൃഷ്ണൻ :
,, പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിന് ലൈസൻസ് നല്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം നിബന്ധനയ്ക്ക് വിധേയമായിട്ടാണ് ഇത്തരം ലൈസൻസുകൾ നൽകാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നീരയുടെ ഉല്പാദനത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച സമിതിയുടെ ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ ആന്റ് ബി) നീര ഉല്പാദിപ്പിക്കാൻ നിലവിൽ നിയമത്തിൽ വ്യവസ്ഥയുണ്ടെങ്കിലും ഇതുവരെ ലൈസൻസ് നല്കിയിട്ടില്ല. അതേസമയം നീരയുടെ ഉല്പാദനത്തെയും അതിൽ നിന്ന് ഉല്പാദിപ്പിക്കാവുന്ന അനുബന്ധ വസ്തുക്കളേയും അതിന്റെ വിപണന സാധ്യതകളേയും കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച സമിതിയുടെ ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ ഒരു അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) മേൽപ്പറഞ്ഞ സമിതിയുടെ ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു.

കൃഷിത്തോട്ടങ്ങളിലെ രോഗപ്രതിരോധത്തിനുള്ള കീടനാശിനികൾ

*11 [71] ശ്രീ. കെ. പി. രാജേന്ദ്രൻ :

,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷിത്തോട്ടങ്ങളിൽ രോഗപ്രതിരോധത്തിനായി ഉപയോഗിക്കുന്ന കീടനാശിനികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള തോട്ടങ്ങളിലും കോർപ്പറേഷനുകളുടെ കീഴിലുള്ള തോട്ടങ്ങളിലും ഏതൊക്കെ കീടനാശിനികളാണ് ഉപയോഗിക്കുന്നത്;

(സി) സംസ്ഥാനത്ത് കൃഷിത്തോട്ടങ്ങളിൽ എൻഡോസൾഫാൻ എന്ന കീടനാശിനി ഉപയോഗിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ മാരകമായ വിഷാംശമുള്ളതും നിരോധിക്കപ്പെട്ടതുമായ എൻഡോസൾഫാൻ ഉപയോഗിക്കുന്നത് തടയുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) കാസർഗോഡ് ജില്ലയിൽ ഈ മരുന്ന് ഉപയോഗിച്ചതിനെത്തുടർന്ന് നിരവധി പേർ മരിക്കുകയും മാരകമായ രോഗം ബാധിക്കുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇതു തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ജി) ഇപ്രകാരം രോഗം ബാധിച്ചവരെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് സാമ്പത്തിക സഹായവും ചികിൽസയും തുടർന്ന് ലഭിക്കുന്നതിനും സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly